(ഡി) വാഹനത്തിന്റെ ഇന്ധനത്തിനായി താഴെ ചേർക്കുന്ന തുക ചെലവായിട്ടുണ്ട് :

2001-02	-	85,100 രൂപ
2002-03	-	1,11,110 രൂപ
2003-04	-	1,23,046 രൂപ
2004-05	-	1,00,927 രൂപ

മൊബൈൽ ഫോൺ ഇനത്തിൽ താഴെ ചേർക്കുന്ന തുക ചെലവായിട്ടുണ്ട്.

2002	-	760 രൂപ
2003	-	20,720 രൂപ
2004	-	24,625 രൂപ

(ഇ) അല്ല.

(എഫ്) ജോലി ചെയ്യുന്ന ദിവസങ്ങളിൽ പ്രതിദിനം 140 രൂപ നിരക്കിൽ വേതനം നൽകിവരുന്നു.

(ജി) പുതിയ പ്രസിഡന്റ് വന്നശേഷം പരിശീലകർ ഉൾപ്പെടെ 64 താൽക്കാലിക ജീവനക്കാരെ നിയമിച്ചിട്ടുണ്ട്.

സ്പോർട്സിന്റെ ഉന്നമനത്തിന് നടപടി

124 (3333) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ സ്പോർട്സിന്റെ ഉന്നമനത്തിനായി 2005-06 ബഡ്ജറ്റിൽ എത്ര തുക നീക്കിവച്ചിട്ടുണ്ട് ; ഇതിൽ വിദ്യാഭ്യാസ വകുപ്പിന് എത്ര ; സ്പോർട്സ് കൗൺസിലിന് എത്ര ;

(ബി) സ്പോർട്സിന്റെ ഉന്നമനത്തിനായി കേരളത്തിൽ സ്പോർട്സ് ഫണ്ട് രൂപീകരിക്കാൻ അബ്കാരി നികുതിയുടെ 50% തുക പ്രത്യേകം മാറ്റിവയ്ക്കാൻ നടപടി സ്വീകരിക്കുമോ ;

(സി) ആന്ധ്രയിലും മറ്റ് ചില സംസ്ഥാനങ്ങളിലും സ്പോർട്സിന് നികുതിയിൽ നിന്നും തുക മാറ്റിവയ്ക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 2005-2006-ലെ ബഡ്ജറ്റിൽ 750 ലക്ഷം രൂപ നീക്കിവച്ചിട്ടുണ്ട്. ഇതിൽ വിദ്യാഭ്യാസ വകുപ്പിന് 20 ലക്ഷം രൂപയും കേരളാ സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന് 730 ലക്ഷം രൂപയുമാണ്. കായിക യുവജനകാര്യ വകുപ്പിൽ പ്ലാനിൽ 175 ലക്ഷം രൂപയും, നോൺ പ്ലാനിൽ 46.77 ലക്ഷം രൂപയും നീക്കിവച്ചിട്ടുണ്ട്.

(ബി) ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

എയർ ഡക്കാൻ/എയർ അറേബ്യ കമ്പനികളുമായി ചർച്ച

125 (T3334) ശ്രീ. കെ. മുഹമ്മദാലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊച്ചി അന്താരാഷ്ട്ര വിമാനത്താവളത്തിൽ നിന്നും ചുരുങ്ങിയ ചെലവിൽ നാഷണൽ/ഇന്റർനാഷണൽ യാത്ര നടത്തുവാൻ വേണ്ടി എയർ ഡക്കാൻ/ എയർ അറേബ്യ എന്നീ സ്ഥാപനങ്ങൾ നൽകിയ അപേക്ഷ കൊച്ചി എയർപോർട്ട് സംഘം പരിഗണിക്കാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇക്കാര്യം പരിശോധിക്കുമോ ;

(സി) ഈ കമ്പനികളെ വിളിച്ചുവരുത്തി മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ ചർച്ച നടത്തുന്നതിന് പരിശ്രമിക്കുമോ ?

ഉത്തരം

(എ-സി) കൊച്ചി അന്താരാഷ്ട്ര വിമാനത്താവളത്തിൽ നിന്നു ചുരുങ്ങിയ ചെലവിൽ വിമാന സർവ്വീസ് നടത്തുവാൻ വേണ്ടി എയർ ഡെക്കാൺ സമർപ്പിച്ച അപേക്ഷ അനുഭാവപൂർവ്വം പരിഗണിക്കുകയും വേണ്ട സഹായങ്ങൾ വാഗ്ദാനം ചെയ്യുകയും ചെയ്തിട്ടുണ്ട്. എന്നാൽ അവരിൽ നിന്നും പ്രതികരണം ഉണ്ടായിട്ടില്ല. എയർ അറേബ്യ കൊച്ചിയിൽ നിന്നും സർവ്വീസ് നടത്തുന്നതിനോടനുബന്ധിച്ച് വിമാനത്താവള അധികൃതർ ടി കമ്പനിയുമായി ബന്ധപ്പെട്ടു വരികയാണ്. എന്നാൽ എന്നു മുതൽ അവർ സർവ്വീസ് നടത്തിത്തുടങ്ങുമെന്ന് അറിയിച്ചിട്ടില്ല. ഇതുമായി ബന്ധപ്പെട്ട് മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ പലവട്ടം ചർച്ചകൾ നടത്തിയിട്ടുള്ളതാണ്.

രജിസ്ട്രേഷൻ വകുപ്പിൽ തസ്തിക വെട്ടിക്കുറയ്ക്കുന്ന നടപടി

126 (3335) ശ്രീ. ടി. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) രജിസ്ട്രേഷൻ വകുപ്പിൽ തസ്തികവെട്ടിക്കുറയ്ക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എത്ര തസ്തികകളാണ് കുറയ്ക്കാൻ തീരുമാനിച്ചതെന്ന് കാറ്റഗറി അടിസ്ഥാനത്തിൽ വെളിപ്പെടുത്തുമോ ;

'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly